# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4161 — **03.02.2014 -ൽ മറുപടിയ്ക്ക്**

## ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലിന്റെ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി) |

എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാൽ കമ്മീഷൻ ചെയ്യുന്നതിനായി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

എ) ഇടമലയാർ ജലസേചന പദ്ധതിയുടെ മെയിൻ കനാലിൽ കഴിഞ്ഞ വർഷം ട്രയൽ റൺ നടത്തിയിരുന്നതാണ്. എന്നിരുന്നാലും ചെയിനേജ് 7400 മീറ്റർ മുതൽ 8000 മീറ്റർ വരെയുള്ള ഭാഗത്തെ കോൺക്രീറ്റിംഗ് ലൈനിംഗ് വർക്കും, ചെ.16360 മീറ്ററിൽ പണി നടക്കുന്ന ഫ്ളഷ് എസ്കേപ്പിനു വേണ്ടി തുറന്ന ഭാഗത്തെ സൈഡ് വാളിന്റെ നിർമ്മാണവും പൂർത്തീകരിക്കുവാനുണ്ട്.

ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

ബി) കനാലിൽ വെള്ളം നിറഞ്ഞതിനാലും കരാറുകാരുടെ അനാസ്ഥയുമാണ് കാലതാമസത്തിനു കാരണം.

സി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

സി) ഈ പദ്ധതിയുടെ ലോ ലെവൽ കനാലിന്റെ ചെറിയ ഭാഗത്തെ പണികൾ പൂർത്തീകരിക്കുവാനുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

ഡി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാലിന്റെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ?

ഡി) ലോ ലെവൽ കനാലിൽ ചീരേലി ഭാഗത്തെ അക്വഡക്റ്റിന്റെ മുകളിൽ കൂടി 400 KV line പോകുന്നതിനാൽ 45 മീറ്റർ നീളം പണി തീരുവാനുണ്ട്. വാതക്കാട് ഭാഗത്തെ ചെ.3463 മീറ്റർ മുതൽ 3722 മീറ്റർ വരെയുള്ള രണ്ടു

വെൽ സൈഫണിലും കിടങ്ങൂർ ഭാഗത്തെ ചെ. 7300 മീറ്റർ മുതൽ 8100 മീറ്റർ വരെയുള്ള പണികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ലോ ലെവൽ കനാൽ ചെ. 10490 മീറ്റർ മുതൽ 10500 മീറ്റർ വരെയുള്ള മെയിൻ സെൻട്രൽ റോഡിന്റെ കുറുകെയുള്ള ഭാഗവും ചെ. 10599 മീറ്റർ മുതൽ 12000 മീറ്റർ ഭാഗത്തിനുമുള്ള പ്രവർത്തികൾക്ക് ടെണ്ടർ നടപടികൾ തുടങ്ങിയിട്ടില്ല. ലോ ലെവൽ കനാൽ ചെ. 13818.5 മീറ്റർ മുതൽ 13876.5 മീറ്റർ വരെയുള്ള ഭാഗം റെയിൽവേ ലൈനിനു കുറുകെ പോകുന്നതിനാൽ റെയിൽവേയുടെ അനുമതി ലഭിക്കുന്ന മുറയ്ക്കു പൂർത്തീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ